M hat on the website AWF

h 1/1/

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി - അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ആവിഷ്കരിച്ച പെൻഷൻ പദ്ധതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(എം.എസ്) നം.04/2015/സാനീവ. തീയതി, തിരുവനന്തപുരം,17.01.2015.

---

പരാമർശം : (1) 07.08.2009 ലെ സ.ഉ.(എം.എസ്) നം. 31/2009/സാക്ഷേവ

(2) സാമൂഹ്യനീതി ഡയറക്ടറുടെ 11.08.2014 -ലെ AWWF/D2-394/2014 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2) ലെ സാമൂഹ്യനീതി ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ക്ഷേമനിധിയുടെ ഭാഗമായി അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും പെൻഷൻ പദ്ധതി ആവിഷ്കരിച്ച് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 (5) ചുവടെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഇതിനാൽ ഉത്തരവാകുന്നു.

'അങ്കണവാടിയിൽ നിന്നും പെൻഷനായി വിരമിക്കുന്ന വർക്കർക്ക് 15,000/- രൂപയും ഹെൽപ്പർക്ക് 10,000/- രൂപയും വിരമിക്കൽ ആനുകൂല്യമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കുടുംബ പെൻഷൻ അനുവദനീയമല്ല'.

2. പരാമർശം (1)-ലെ സർക്കാർ ഉത്തരവ് മേല്പറഞ്ഞ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ,
**സ്പെഷ്യൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആൻറ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ } (സാമൂഹനീതി ഡയറക്ടർ മുഖാന്തിരം)
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർ }
ധനകാര്യ വകുപ്പ് (30.12.2014-ലെ 79068/WW2/14/Fin പ്രകാരം)
തദ്ദേശ സ്വയംഭരണ വകുപ്പ്.
വെബ്ബ് ആന്റ് ന്യൂ മീഡിയ ( വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**